"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് - സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും - ഭിന്നശേഷിയുള്ള മാതാപിതാക്കളെ സംരക്ഷിക്കുന്ന സർക്കാർ ജീവനക്കാർക്ക് പൊതുസ്ഥലമാറ്റത്തിൽ ഇളവ് / പരിരക്ഷ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ട്രെയിനിംഗ് ബി) വകുപ്പ്**

സ.ഉ.(അച്ചടി) നം.18/2026/P&ARD തീയതി,തിരുവനന്തപുരം, 14-10-2026

---

പരാമർശം:-
1. 25.02.2017 ലെ സ . ഉ ( പി ) നം.3/2017/ ഉഭപവ
2. കേന്ദ്ര സർക്കാരിന്റെ 08.10.2018 ലെ 42011/3/2014-Estt.(Res) നമ്പർ ഓഫീസ് മെമ്മോറാണ്ടം
3. സ.ഉ(കൈ) നം.22/2022/ഉ.ഭ.പ.വ തീയതി 26.09.2022
4. സ.ഉ(കൈ) നം.24.2022/ഉ.ഭ.പ.വ തീയതി 07.11.2022
5. സ.ഉ(കൈ) നം.22/2024/ഉ.ഭ.പ.വ തീയതി 06.11.2024
6. 24.11.2025 ൽ സി.എം.ഒ പോർട്ടൽ മുഖേന ശ്രീ. അരവിന്ദാക്ഷൻ പിള്ള സമർപ്പിച്ച അപേക്ഷ

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. പരാമർശം (2) ലെ ഓഫീസ് മെമ്മോറാണ്ടം പ്രകാരം ബഞ്ച് മാർക്ക് ഭിന്നശേഷിയുള്ള മാതാപിതാക്കൾ/ മക്കൾ/ ജീവിതപങ്കാളി/ സഹോദരി/ സഹോദരൻ എന്നിവരെ സംരക്ഷിക്കുന്ന സർക്കാർ ജീവനക്കാർക്ക് പൊതുസ്ഥലമാറ്റത്തിൽ ഇളവ് /പരിരക്ഷ അനുവദിച്ചു കൊണ്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം (3),(4),(5) ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകൾ പ്രകാരം ഭിന്നശേഷിയുള്ള മക്കൾ/ജീവിതപങ്കാളി/സഹോദരി,സഹോദരന്മാർ എന്നിവരെ സംരക്ഷിക്കുന്ന കേരള സർക്കാർ ജീവനക്കാർക്ക് പൊതുസ്ഥലമാറ്റത്തിൽ പരിരക്ഷ അഥവാ ഇളവ് അനുവദിച്ച് ഉത്തരവായിട്ടുണ്ടെന്നും, എന്നാൽ പരാമർശം (2) ഉത്തരവിന്റെ ആനുകൂല്യം ഭിന്നശേഷിയുള്ള മാതാപിതാക്കളെ സംരക്ഷിക്കുന്ന സർക്കാർ ജീവനക്കാർക്ക് അനുവദിക്കപ്പെട്ടിട്ടില്ലെന്നും 78 വയസ്സുള്ള വൃദ്ധനും രോഗിയുമായ

ശ്രീ. അരവിന്ദാക്ഷൻ പിള്ളക്ക് 80 ശതമാനത്തിൽ അധികം ഗുരുതരമായ ശാരീരിക വൈകല്യം ഉണ്ടെന്നും പൂർണ്ണമായും ശയ്യാവലമ്പനായ ടിയാനെ സംരക്ഷിക്കുന്നത് സർക്കാർ ജീവനക്കാരിയായ ടിയാന്റെ മകളാണെന്നും എന്നാൽ ടിയാന്റെ മകൾക്ക് തുടർച്ചയായി വിദൂരജില്ലകളിലേക്ക് സ്ഥലം മാറ്റം ഉണ്ടാകുന്നതു മൂലം ടിയാനും ഭിന്നശേഷിക്കാരിയും വൃദ്ധയുമായ ടിയാന്റെ ഭാര്യയും വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുകയാണെന്നും അവരെ പൂർണ്ണമായും സംരക്ഷിച്ചുകൊണ്ടിരിക്കുന്ന മകൾക്ക് അടിക്കടി ഉണ്ടാകുന്ന സ്ഥലം മാറ്റങ്ങൾ ടിയാന്റെ മാനസിക,ശാരീരിക,ആരോഗ്യ പരിപാലനത്തിന് വളരെയധികം വെല്ലുവിളി ഉയർത്തുന്നതാണെന്നും സർക്കാർ ജീവനക്കാരിയായ മകൾക്ക് ദൂരദേശങ്ങളിലേക്ക് സ്ഥലം മാറ്റം ഉണ്ടാകുന്നതുമൂലം കൃത്യസമയത്ത് മെഡിക്കൽ ചെക്കപ്പുകൾ ലഭിക്കാതെ വരികയും ഭിന്നശേഷി സൗഹൃദപരമായ അന്തരീക്ഷത്തിൽ നിന്നും മാറ്റപ്പെടേണ്ട സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നുവെന്നും ആയതിനാൽ പരാമർശിത ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഭിന്നശേഷിക്കാരായ മാതാപിതാക്കളെ സംരക്ഷിക്കുന്ന കേരള സർക്കാർ ജീവനക്കാർക്ക് കൂടി പൊതു സ്ഥലംമാറ്റത്തിൽ പരിരക്ഷ / ഇളവ് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിപ്പിക്കണമെന്നാണ് ശ്രീ. അരവിന്ദാക്ഷൻ പിള്ള പരാമർശം (6) പ്രകാരം അപേക്ഷിച്ചിരിക്കുന്നത്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. ഭിന്നശേഷിക്കാരായ മാതാവിനെയോ / പിതാവിനെയോ സംരക്ഷിക്കുന്ന സർക്കാർ ജീവനക്കാർക്ക് സ്ഥലം മാറ്റത്തിൽ ഇളവനുവദിക്കണമെന്ന നിവേദനത്തിലെ ആവശ്യത്തിന്റെ ഗൗരവാവസ്ഥ കണക്കിലെടുത്ത് പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 4(iii) ൽ ഭിന്നശേഷിയുള്ള മാതാവിനോ / പിതാവിനോ എന്നു കൂടി ഉൾപ്പെടുത്തി പ്രസ്തുത സർക്കാർ ഉത്തരവ് ഭേദഗതിചെയ്ത് ഉത്തരവാകുന്നു.

4. പരാമർശം (1) ലെ ഉത്തരവ് മേൽ പറഞ്ഞ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**DEEPARANI A**
ജോയിന്റ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്ക്/പ്രിൻസിപ്പൽ സെക്രട്ടറിമാർക്ക്/സെക്രട്ടറിമാർക്ക്/സ്പെഷ്യൽ സെക്രട്ടറിമാർക്ക്/സെക്രട്ടേറിയേറ്റിലെ എല്ലാ ഓഫീസർമാർക്കും
എല്ലാ വകുപ്പുമേധാവികൾക്കും ഓഫീസുകൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
സെക്രട്ടേറിയറ്റിലെ ധനകാര്യം, നിയമം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും എല്ലാ സെക്ഷനുകൾക്കും

രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/കണ്ണൂർ/മഹാത്മാഗാന്ധി/
ശ്രീ.ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല,കേരള കാർഷിക സർവ്വകലാശാല,
മണ്ണുത്തി (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള നിയമസഭ , തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ,കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
മാനേജിങ് ഡയറക്ടർ , കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിയ്ക്ക്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും പത്രമാധ്യമങ്ങൾക്ക് നൽകുന്നതിനുമായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
Aravind .C.M
Date: 14-10-2026
16:37:12

സെക്ഷൻ ഓഫീസർ

പകർപ്പ് ;-

ബഹു. മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
പ്രതിപക്ഷനേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്